## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ - അനുപമ റ്റി വി , ഐ എ എസ്)

വിഷയം —വനിതശിശു വികസന വകുപ്പ് — ജീവനക്കാര്യം — സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം—അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1. വനിത ശിശു വികസന ഡയറക്ടറുടെ 12/07/2021 തീയതിയിലെ E7/ 3023/20 നമ്പർ നടപടിക്രമങ്ങൾ

2. വനിത ശിശു വികസന ഡയറക്ടറുടെ 04.02.2021 തീയതിയിലെ WCD/E8-12035/20 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ - WCD-E4/4886/21** **തീയതി- 15/07/2021**

വനിത ശിശു വികസന വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പരാമർശം(1) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേനയും,വകുപ്പിൽ സീനിയർ ക്ളർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ഉല്ലാസ് കുമാർ, 31/05/2021 തീയതിയിൽ വിരമിച്ചത് മൂലവും, വകുപ്പിൽ ഉണ്ടായിരുന്നതുമായ ഒരു ഒഴിവും ചേർത്ത് സീനിയർ ക്ലാർക്ക് തസ്തികയിൽ അകെ 13 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവുകളിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതുമായ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് കെ.എസ്&എസ്.എസ്.ആർ ചട്ടം28 എ(1) പ്രകാരം 35600-75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റം അനുവദിച്ചും അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗ കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|---|
| 1 | ജോസഫ്.വി.ജെ<br>ക്ലാർക്ക്<br>പ്രോഗ്രാംഓഫീസ്,<br>ഇടുക്കി(ഡിപ്ലോയ്മെന്റ്) | 11 | ജില്ലാവനിതശിശു വികസന ഓഫീസ്,കണ്ണൂർ | 50വയസ്സ് പൂർത്തിയായിട്ടുണ്ട് (ഡിപ്ലോയ്മെന്റിൽ തുടരാൻ അനുവദിക്കുന്നു) |
| 2 | ഗിരീഷ് ബാബു,<br>ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>പെരുമ്പടപ്പ് | 12 | ഐ.സി.ഡി.എസ് കുറ്റിപ്പുറം അഡീഷണൽ | 50വയസ്സ് പൂർത്തിയായിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 3 | ആൻസി ഹംസ ,<br>ക്ലാർക്ക്<br>ഐ.സി,ഡി.എസ് പട്ടാമ്പി അഡീഷണൽ | 21 | പ്രോഗ്രാംഓഫീസ്<br>പാലക്കാട് | |
| 4 | അനൂപ്കുമാർ.എം.എ,<br>ക്ലാർക്ക്<br>ഐ.സി,ഡി.എസ് ഇളംദേശം | 22 | ഐ.സി.ഡി.എസ്<br>ഇത്തിക്കര | |
| 5 | സുമിൽ.എസ് .എസ്<br>ക്ലാർക്ക്<br>വനിതശിശുവികസന<br>ഡയറക്ടറേറ്റ് | 27 | വനിതശിശുവികസന<br>ഡയറക്ടറേറ്റ് | |
| 6 | ശോഭ .എ<br>ക്ലാർക്ക് ടൈപ്പിസ്റ്റ്<br>ഐ.സി.ഡി.എസ്<br>നെന്മാറ അഡീഷണൽ | 28 | ഐ.സി.ഡി.എസ്<br>പാലക്കാട്<br>അഡീഷണൽ | |
| 7 | ചന്ദ്രശേഖരൻ നായർ. ജി<br>ക്ലാർക്ക് ടൈപ്പിസ്റ്റ്<br>ഐ.സി.ഡി.എസ്<br>ചടയമംഗലം | 32 | ഐ.സി.ഡി.എസ്<br>ചടയമംഗലം<br>അഡീഷണൽ | |
| 8 | ആശ.എസ്.ആർ<br>ക്ലാർക്ക് ടൈപ്പിസ്റ്റ്<br>(ഡപ്യൂട്ടേഷൻ) | 33 | ഐ.സി.ഡി.എസ്<br>അതിയന്നൂർ<br>അഡീഷണൽ | |
| 9 | ഷെജ.ടി.വി<br>ക്ലാർക്ക്<br>ജില്ലവനിതാശിശു<br>വികസനഓഫീസ്,<br>എറണാകുളം | 46 | ജില്ലാ വനിതശിശു<br>വികസന ഓഫീസ് ,<br>തൃശ്ശൂർ | |
| 10 | ബിജു മോൻ എൻ.ജി<br>ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>ഏറ്റുമാനൂർ | 48 | ജില്ലാ വനിത ശിശു<br>വികസന ഓഫീസ്,<br>കോട്ടയം | 50വയസ്സ്<br>പൂർത്തിയായിട്ടുണ്ട് |
| 11 | മനോജ്പുനത്തിൽ<br>ക്ലാർക്ക് ടൈപ്പിസ്റ്റ്<br>ഐ.സി.ഡി.എസ് താനൂർ അഡീഷണൽ | 49 | ജില്ലാ വനിത ശിശു<br>വികസന<br>ഓഫീസ്,കണ്ണൂർ | 50വയസ്സ്<br>പൂർത്തിയായിട്ടുണ്ട് |
| 12 | ഗിരീഷ. എൻ<br>ക്ലാർക്ക് ടൈപ്പിസ്റ്റ്<br>ഐ.സി.ഡി.എസ്<br>കോഴിക്കോട് അർബൻ 1 | 50 | ജില്ലാ വനിത ശിശു<br>വികസന ഓഫീസ് ,<br>കോഴിക്കോട് | |

| | | | | |
|---|---|---|---|---|
| 13 | പ്രിയ .ആർ<br>ക്ലാർക്ക്ടൈപിസ്റ്റ്<br>ഐ.സി.ഡി.എസ്<br>ശാസ്താംകോട്ട | 52 | ഐ.സി.ഡി.എസ്<br>ചിറ്റുമല | |

ക്രമ നമ്പർ 4 , ശ്രീ അനൂപ് കുമാർ എം.എ, എസ്.സി വിഭാഗത്തിൽ പെട്ട ജീവനക്കാരനായതിനാൽ നിർബന്ധിത ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്ന് താൽക്കാലികമായി ഒഴിവാക്കി കെ.എസ് & എസ്.എസ്.ആർ ചട്ടം 13 എ(1) (എ) പ്രകാരം താൽക്കാലികമായിട്ടാണ് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റം അനുവദിച്ചിട്ടുള്ളത് .ഈ ജീവനക്കാരൻ ഈ ഉത്തരവ് തീയതി മുതൽ മൂന്നു വർഷ കാലയളവിനുള്ളിൽ സീനിയർ ക്ലാർക്ക് തസ്തികയ്ക്ക് ആവശ്യമായ ടെസ്റ്റ് യോഗ്യത നേടേണ്ടതാണ് .നിശ്ചിത കാലയളവിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടാത്ത പക്ഷം ടിയാനെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തുന്നതാണ് .താൽക്കാലിക ഉദ്യോഗ കയറ്റം നൽകിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ കാര്യാലയ മേധാവി ജീവനക്കാരന്റെ സേവന പുസ്തകത്തിൽ നിർബന്ധമായും വരുത്തേണ്ടതാണ് .

2021-ലെ പൊതു സ്ഥലംമാറ്റത്തിനായി വകുപ്പിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടെങ്കിലും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് തടസ്സം നേരിട്ടതിനാൽ സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശിക്കുന്ന പ്രകാരം ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ പൊതു സ്ഥലമാറ്റ നടപടികൾക്കായി ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും, പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതാണ്

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനു അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരൻ/ജീവനക്കാരി യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ചുതരേണ്ടതാണ്.

( ഒപ്പ് )

വനിത ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1. ബന്ധപ്പെട്ട കാര്യാലയമേധവികൾക്ക്
2. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും/ പ്രോഗ്രാം ഓഫീസർമാർക്കും
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
4. സൂപ്രണ്ട് ഐ റ്റി സെൽ
5. ഡയറക്ടറുടെ സി എ
6. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സൂപ്രണ്ട്